പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 328 — 23.06.2014-ലെ മറുപടിക്ക്.

# കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നല്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | : (എയും, ബിയും) ഉണ്ട്. Cr.P.C (Amendment) Act, 2008 (No. 5 of 2009) പ്രകാരം 31.12.2009 ൽ പ്രാബല്യത്തിൽ വന്ന Cr.P.C സെക്ഷൻ 357-A വിഭാവനം ചെയ്ത Victim Compensation Scheme -2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 24.02.2014 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.<br><br>ഒരു ക്ഷേമ പദ്ധതി എന്ന നിലയിലാണ് സർക്കാർ പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നത്. കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ ആശ്രിതർക്ക്, കുറ്റകൃത്യത്തിന്റെ പരിണിതഫലമായി നഷ്ടം/പരിക്ക് സംഭവിക്കുകയും, അവർക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.<br><br>പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായുള്ള ഫണ്ട് താഴെ കാണിച്ചിരിക്കുന്ന മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്<br>I. വാർഷിക ബഡ്ജറ്റിൽ വകയിരുത്തപ്പെടുന്ന തുക<br>II. Cr.P.C സെക്ഷൻ 357 അനുസരിച്ച് പിഴ ഇനത്തിൽ ഈടാക്കുന്ന തുക<br>III. സംഘടനകളിൽ നിന്നും, വ്യക്തികളിൽ നിന്നും, ദേശീയവും അന്തർദ്ദേശീയവുമായ ചാരിറ്റബിൾ സൊസൈറ്റികളിൽ നിന്നും ലഭിക്കുന്ന സംഭാവനകളും പിരിവുകളും. |

ഈ സ്കീമിന്റെ നിയന്ത്രണവും, ഭരണവും, ഒപ്പം പുരോഗതി വിലയിരുത്തുന്നതിനുമായി ആഭ്യന്തര വകുപ്പിനെയാണ് **'Nodal Department'** ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല **'Member Secretary, Kerala State Legal Services Authority'** യ്ക്കാണ് നൽകിയിരിക്കുന്നത്.

| | | |
|---|---|---|
| (സി) പ്രസ്തുത പദ്ധതിയിലൂടെ സി.ആർ.പി.സി പ്രകാരം എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; | : | (സി) പ്രസ്തുത സ്കീമിലൂടെ നൽകാനുദ്ദേശിക്കുന്ന നഷ്ടപരിഹാര തുകയെ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ? | : | (ഡി) പദ്ധതിക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. ടി പദ്ധതിയുടെ നടത്തിപ്പിനായി തുക കണ്ടെത്തേണ്ടതിലേക്ക് 2014-2015 വർഷത്തിലെ ഉപധനാഭ്യർത്ഥനയുടെ ഫസ്റ്റ് ബാച്ചിൽ ഒരു കോടി രൂപ അനുവദിച്ച് നൽകുന്നതിലേക്കുള്ള ശുപാർശ ധനകാര്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

Rama.V

സെക്ഷൻ ഓഫീസർ

o

അനുബന്ധം.

**COMPENSTION TO VICTIMS FOR INJURY/LOSS**

| *Sl.No* | *Description of Injury/loss* | *Amount of compensation* |
|---|---|---|
| 1 | Death | Maximum upto Rs. 5 lakhs |
| 2 | Culpable homicide not amounting to murder | Maximum upto Rs. 3 lakhs |
| 3 | Causing death by negligence | Maximum upto Rs. 2 lakhs |
| 4 | Dowry related violence | Maximum upto Rs. 2 lakhs |
| 5 | Permanent Disability (80% or more) | Maximum upto Rs. 3 lakhs |
| 6 | Partial Disability (40% to 80%) | Maximum upto Rs. 1 lakh |
| 7 | Burns affecting greater than 25% of the body | Maximum upto Rs. 2 lakhs |
| 8 | Burns affecting less than 25% of the body | Maximum upto Rs.20,000/- |
| 9 | Loss of foetus | Maximum upto Rs. 50,000/- |
| 10 | Physical abuse of minor | Maximum upto Rs. 50,000/- |
| 11 | Rape | Maximum upto Rs. 3 lakhs |
| 12 | Sexual assault | Maximum upto Rs. 50,000/- |
| 13 | Fracture/dislocations | Maximum upto Rs. 1.5 lakhs |
| 14 | Injury resulting in surgery/serious damage to vital organs | Maximum upto Rs. 2 lakhs |
| 15 | Loss of fertility | Maximum upto Rs. 1.5 lakhs |
| 16 | Major injuries not specified otherwise | Maximum upto Rs. 50,000/- |
| 17 | Minor injuries not specified otherwise | Maximum upto Rs. 25,000/- |
| 18 | Acid Attack (Disfigurement of greater than 40%) | Maximum upto Rs. 3 lakhs |
| 19 | Acid Attack (Disfigurement of less than 40%) | Maximum upto Rs. 1 lakh |
| 20 | Rehabilitation (in addition to 1 to 19 above) | Maximum upto Rs. 1 lakh |

Rema.V
സെക്ഷൻ ഓഫീസർ